(ഡി) അല്ലെങ്കിൽ ഈ ഇനത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ താമസത്തിനു വിട്ടുകൊടുക്കാതെ കിടക്കുന്നതായി ഗവണ്മെൻറിനു് അറിവുണ്ടോ ;

(ഇ) ഏതു വ്യവസ്ഥയിലാണു് ഈ കെട്ടിടങ്ങൾ താമസത്തിനു കൊടുക്കുന്നതു് ;

(എഫ്) ഈ കെട്ടിടങ്ങൾ അനാരോഗ്യകരമാണെന്നും, താമസത്തിനു കൊള്ളുകയില്ലെന്നും ആക്ഷേപങ്ങൾ പ്രചരിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭര വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്ചുതൻ) :

(എ) ഇല്ല.

(ബി) 76. ഇതിൽ 23 എണ്ണം അവശേഷമുള്ള ഉന്നമനകമ്മീഷണറുടെ അധീനതയിൽ വിട്ടുവാനുള്ള നടപടിയിലിരിക്കുകയാണു്. ഉടമ്പടി രജിസ്റ്റർ ചെയ്തു് ഹാജരാക്കാത്തതിനാൽ 35 കെട്ടിടങ്ങൾ താമസത്തിനു് വിട്ടുകൊടുത്തില്ല. കളിമുറി, ക്ലാസ്സു് മുതലായവയുടെ അഭാവത്തിൽ 18 കെട്ടിടങ്ങളിൽ താമസം തുടങ്ങിയിട്ടില്ല.

(സി) ഇല്ല.

(ഡി) നെയ്യാറ്റിൻകര, വിളവംകോടു് കമ്മ്യൂണിറ്റി പ്രോജക്ടിൽനിന്നും നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ താമസത്തിനു വിട്ടുകൊടുത്തിട്ടു് അംഗീകൃതവ്യവസ്ഥകൾക്കു് വിധേയമായി താമസക്കാരെ കിട്ടാത്തതുകൊണ്ടു് ഏതാനും കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ടു്.

(ഇ) പ്രതിമാസം അഞ്ചു രൂപവച്ചു് കെട്ടിടത്തിന്റെ വിലയായ 1500 രൂപ പലിശകൂടാതെ 25 വർഷമായി തവണ മുടക്കംകൂടാതെ അടച്ചുതീർക്കേണ്ടതാണു്. മുഴുവൻ തുകയും അടച്ചുതീർത്താൽ കെട്ടിടം താമസക്കാരനു് സ്വന്തമായിത്തീരും.

(എഫ്) ഇല്ല.

ഡെവലപ്പുമെൻറ് വർക്കുസ്.

* 226. [40] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഡവലപ്പുമെൻറ് വർക്കുസിൽ ഈ സാമ്പത്തിക വർഷത്തിൽ ഇതിനകം എത്ര രൂപയുടെ ജോലി തുടങ്ങുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു് ;

(ബി) കഴിഞ്ഞകൊല്ലം ഈ കാലാവധിക്കുള്ളിൽ അനുവദിക്കപ്പെട്ടിരുന്ന തുക എന്തു് ;

(സി) മൺകൊല്ലത്തേപ്പോലെ ബഡ്ജറ്റ് ചെയ്ത തുക ലാപ്സാവാതിരിക്കാൻ ഇപ്പോഴത്തെ പ്രവർത്തനപുരോഗതി മതിയാവുമെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(ഡി) മൈനർ ഇറിഗേഷൻ വർക്കുസ് ഇനത്തിൽ ഇക്കൊല്ലം പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ള പണികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണു് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ലോക്കൽ ഡവലപ്പ്മെന്റ് വർക്സുകൾക്കായി ഈ സാമ്പത്തികവർഷത്തിൽ ആഗസ്റ്റ് 20-ാംതീയതി വരെ 11,79,804 രൂപയുടെ ജോലി തുടങ്ങുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു്.

(ബി) കഴിഞ്ഞകൊല്ലം ഈ കാലഘട്ടത്തിൽ ഒരു തുകയും അനുവദിച്ചിട്ടില്ല.

(സി) ഉണ്ടു്.

(ഡി) മൈനർ ഇറിഗേഷൻ വർക്കുകൾക്കായി ഈ സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് 20-ാംതീയതി വരെ പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ള പണികളുടെ ആകെ എസ്റ്റിമേറ്റ് തുക 4,97,224 രൂപയാകുന്നു.

ബസ്സ് റൂട്ട് ദേശവൽക്കരണം.

* 227. [42] ശ്രീ. പി. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955 ഫെബ്രുവരി മാസത്തിനുശേഷം സ്റ്റേറ്റിലെ ഏതെല്ലാം ബസ്സ് റൂട്ടുകൾ ദേശസാൽക്കരിച്ചിട്ടുണ്ടു്;

(ബി) കഴിഞ്ഞ പി. എസ്. പി. മന്ത്രിസഭയുടെ ഓൺസ്റ്റോപ്പ് ദേശസാൽക്കരണനടപടി ഇന്നത്തെ മന്ത്രിസഭ ഉപേക്ഷിച്ചിരിക്കുകയാണോ;

(സി) നെയ്യാറ്റിൻകര താലൂക്കിലുള്ള നെയ്യാറ്റിൻകര-ക്കാട്ടാക്കട, നെയ്യാറ്റിൻകര-ഒറ്റശ്ശേഖരമംഗലം, നെയ്യാറ്റിൻകര-പനച്ചമൂട് എന്നീ റൂട്ടുകൾ ദേശസാൽക്കരിക്കണമെന്നു കാണിച്ചു് ഏതെങ്കിലും നിവേദനങ്ങൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഒരു റൂട്ടും ദേശവൽക്കരിച്ചിട്ടില്ല.

(ബി) അല്ല.

(സി) ഉണ്ടു്.

(ഡി) ഈ നിവേദനങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നിർമ്മിക്കാനുള്ള പാലങ്ങൾ.

* 228. [43] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡിസ്ട്രിക്ടിൽ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ എത്ര പാലങ്ങൾ നിർമ്മിക്കാനുള്ള തുക കൊള്ളിച്ചിട്ടുണ്ടു്;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണു് പാലങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly